നൽകിയിട്ടുണ്ട്. പ്രവാസി ക്ഷേമനിധി പെൻഷൻകാർക്ക് 1,000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. ക്ഷേമനിധി അംഗത്വം റദ്ദായവർക്ക് അത് പുതുക്കുന്നതിനുള്ള പലിശയും പിഴ പലിശയും നിശ്ചിത കാലത്തേയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്.

(ബി) തിരികെയെത്തുന്ന പ്രവാസികളുടെ സംരംഭകത്വ സഹായത്തിനായി നടപ്പാക്കിവരുന്ന നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് വിപുലീകരിച്ചിട്ടുണ്ടോ; സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നവർക്ക് ഈ പദ്ധതി വഴി എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ടെന്ന് അറിയിക്കാമോ?

തിരികെ എത്തുന്ന പ്രവാസികളുടെ സംരംഭകത്വ സഹായത്തിനായി നടപ്പിലാക്കിയിട്ടുള്ള നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് പദ്ധതി വിപുലീകരിച്ചിട്ടുണ്ട്. സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം വരെയുള്ള ബാങ്ക് വായ്പകൾക്ക് 15 ശതമാനം മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേയ്ക്ക് 3 ശതമാനം പലിശ സബ്സിഡിയും ഈ പദ്ധതി മുഖേന ലഭിക്കുന്നതാണ്. സംരംഭകർക്ക് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകിവരുന്നു. വിവിധ സംരംഭങ്ങൾക്ക് ഈ പദ്ധതി മുഖേന വായ്പ ലഭ്യമാക്കുന്നുണ്ട്. നിലവിൽ 16 ധനകാര്യ സ്ഥാപനങ്ങൾ ഈ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്.

(സി) പ്രവാസികൾക്കായുള്ള സാന്ത്വന പദ്ധതി പ്രകാരം എത്ര പേർക്ക് സഹായം ലഭ്യമാക്കി എന്നതിന്റെ കണക്കുകൾ ലഭ്യമാണോ; വ്യക്തമാക്കാമോ?

2016-17 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ ആകെ 15,956 പേർക്കായി 95.25 കോടി രൂപ സാന്ത്വന പദ്ധതി പ്രകാരം ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.

കോവിഡ് മരണങ്ങളുടെ കണക്ക്

24 (*444) ശ്രീ. അൻവർ സാദത്ത്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കോവിഡ് മരണങ്ങൾ മറച്ചുവയ്ക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

&

(ബി) വിവരാവകാശനിയമം വഴി 13-7-2021-ന് ഇൻഫർമേഷൻ കേരള മിഷനിൽ നിന്നും ലഭിച്ച കോവിഡ് മരണങ്ങളുടെ കണക്കിലും ആരോഗ്യ വകുപ്പിന്റെ കണക്കിലും ഏഴായിരം മരണങ്ങളുടെ വ്യത്യാസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് ഇടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ?

കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ഐ.സി.എം.ആർ.-ഉം, ഡബ്ല്യു.എച്ച്.ഒ.-യും പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ കോവിഡ് മരണം സ്ഥിരീകരിക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പ് നടത്തിയിട്ടുള്ള പഠനം പരിശോധിച്ചിട്ടില്ല. ആരോഗ്യ വകുപ്പിന്റെ മാനദണ്ഡങ്ങൾ പ്രകാരം മരണ കാരണം കോവിഡ് മൂലമോ അല്ലയോ എന്നത് ചികിത്സിച്ചിരുന്ന ഡോക്ടറാണ് സ്ഥിരീകരിക്കുന്നത്. 2021 ജൂൺ 30 വരെ ആരോഗ്യ വകുപ്പ് 13325 മരണമാണ് കോവിഡ് മൂലമാണ് എന്ന് സ്ഥിരീകരിച്ച് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 2021 മാർച്ച് മുതൽ മേയ് വരെയുള്ള മാസങ്ങളിൽ കോവിഡ് മരണങ്ങൾ മാനദണ്ഡ പ്രകാരമാണ് റിപ്പോർട്ട് ചെയ്തത്. ഗവൺമെന്റ് പോർട്ടലിൽ കോവിഡ് പോസിറ്റീവ് റിപ്പോർട്ട് ചെയ്തിട്ടുള്ളതും, കൃത്യമായ മെഡിക്കൽ ബുള്ളറ്റിനിൽ ജില്ലയിൽനിന്ന് അയച്ചു തന്നിട്ടുള്ളതുമായ എല്ലാ കോവിഡ് മരണങ്ങളും സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മരണകാരണം കോവിഡുമൂലമോ, അല്ലയോ എന്നുള്ളത് ചികിത്സിച്ചിരുന്ന ഡോക്ടർ തന്നെയാണ് സ്ഥിരീകരിച്ചിരുന്നത്. ആയത് മെഡിക്കൽ ബുള്ളറ്റിനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഇവ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്യുകയാണ് ചെയ്തിരുന്നത്. Brought dead ആയിട്ടുള്ള കേസുകൾക്ക് RTPCR പരിശോധന ഫലം നിർബന്ധമാക്കിയിട്ടുണ്ടായിരുന്നു. വ്യക്തത ഇല്ലാത്തതോ, അല്ലെങ്കിൽ അപൂർണ്ണമായതോ ആയ മെഡിക്കൽ ബുള്ളറ്റിനുകൾ ജില്ലയിൽ നിന്നും അയച്ചിട്ടുള്ളത് ആയവ പരിഹരിച്ച് തരുന്ന മുറയ്ക്കാണ് റിപ്പോർട്ട് ചെയ്തിരുന്നത്. മേൽപ്പറഞ്ഞ മൂന്ന് മാനദണ്ഡങ്ങൾ പ്രകാരം ജില്ലകളിൽ നിന്നും അയച്ചുതന്നിരുന്ന എല്ലാ മരണങ്ങളും സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മെഡിക്കൽ ബുള്ളറ്റിനിൽ ഡോക്ടർ രേഖപ്പെടുത്തിയിട്ടുള്ള മരണകാരണത്തെ അടിസ്ഥാനമാക്കിയാണ് കോവിഡ്, നോൺകോവിഡ് എന്നിങ്ങനെ തിരിക്കുന്നത്. 2021 ജൂൺ 16 തീയതി മുതൽ അതാത് ജില്ലയുടെ കോവിഡ് മരണ കണക്ക് ജില്ലകൾ നേരിട്ട് ഓൺലൈനായി റിപ്പോർട്ട് ചെയ്യുവരുന്നു. ഔദ്യോഗികമായി കോവിഡ് മരണമാണെന്ന് റിപ്പോർട്ട് ചെയ്ത മരണങ്ങളുടെ വിവരങ്ങളറിയാൻ 'ഡെത്ത് ഇൻഫർമേഷൻ പോർട്ടൽ' നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) കോവിഡ് മരണങ്ങൾ ശരിയായ രീതിയിൽ കണക്കാക്കുന്നതിൽ ആരോഗ്യ വകുപ്പിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

ഇല്ല. ICMR-ഉം WHO യും പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് കോവിഡ് മരണം സ്ഥിരീകരിക്കുന്നത്. ഗവൺമെന്റ് പോർട്ടലിൽ കോവിഡ് പോസിറ്റീവ് റിപ്പോർട്ട് ചെയ്തിട്ടുള്ളതും, കൃത്യമായ മെഡിക്കൽ ബുള്ളറ്റിൻ ജില്ലയിൽ നിന്ന് അയച്ചുതന്നിട്ടുള്ളതുമായ എല്ലാ കോവിഡ് മരണങ്ങളും സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മരണകാരണം കോവിഡ് മൂലമാണോ അല്ലയോ എന്നുള്ളത് ചികിത്സിച്ചിരുന്ന ഡോക്ടർ തന്നെയാണ് സ്ഥിരീകരിച്ചിരുന്നത്. ആയത് മെഡിക്കൽ ബുള്ളറ്റിനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഇവ ക്രോഡീകരിച്ചാണ് റിപ്പോർട്ട് ചെയ്യുന്നത്. " Brought dead" ആയിട്ടുള്ള കേസുകൾക്ക് RTPCR പരിശോധനാഫലം നിർബന്ധമാക്കിയിട്ടുണ്ടായിരുന്നു. വ്യക്തത ഇല്ലാത്തതോ, അല്ലെങ്കിൽ അപൂർണ്ണമായതോ ആയ മെഡിക്കൽ ബുള്ളറ്റിനുകൾ ജില്ലയിൽ നിന്നും അയച്ചിട്ടുള്ളത് ആയവ പരിഹരിച്ചതിനുശേഷം മുറയ്ക്കാണ് റിപ്പോർട്ട് ചെയ്തിരുന്നത്. മേൽപ്പറഞ്ഞ മൂന്ന് മാനദണ്ഡങ്ങൾ പ്രകാരം ജില്ലകളിൽ നിന്നും അയച്ചുതന്നിരുന്ന എല്ലാ മരണങ്ങളും സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മെഡിക്കൽ ബുള്ളറ്റിനിൽ ഡോക്ടർ രേഖപ്പെടുത്തിയിട്ടുള്ള മരണകാരണത്തെ അടിസ്ഥാനമാക്കിയാണ് കോവിഡ്, നോൺ കോവിഡ് എന്നിങ്ങനെ തരംതിരിക്കുന്നത്. കോവിഡ് മരണം റിപ്പോർട്ട് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി 2021 ജൂൺ 16-ാം തീയതി മുതൽ അതാത് ജില്ലയുടെ കോവിഡ് മരണനിരക്ക് ജില്ലകൾ നേരിട്ട് റിപ്പോർട്ട് ചെയ്യുന്നതിനായി സജ്ജമാക്കിയ ഗവൺമെന്റ് പോർട്ടലിൽ ഉൾപ്പെടുത്തി ജില്ലാ മെഡിക്കൽ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുകയും, സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുകയും ചെയ്തുവരുന്നു.

തോക്ക് ഉപയോഗിച്ചുള്ള കൊലപാതകം

25 (*445) ശ്രീ. റോജി എം. ജോൺ:

ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) പാശ്ചാത്യ രാജ്യങ്ങളിൽ മാത്രം സംഭവിക്കാറുള്ള തോക്ക് ഉപയോഗിച്ചുള്ള കൊലപാതകം സംസ്ഥാനത്ത് ഉണ്ടാകുന്ന സാഹചര്യം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ?

ഉണ്ട്.